(ബി) മാറാട് പാക്കേജ് പ്രകാരമുള്ള പദ്ധതി ജില്ലാ ഭരണകൂടമാണ് നടപ്പിലാക്കിയത്. ആരോഗ്യവകുപ്പിൽനിന്നും പണം ചെലവഴിച്ചിട്ടില്ല.

(സി) 26-10-2003, 16-11-2003, 22-11-2003, 7-12-2003, 10-12-2003 എന്നീ തീയതികളിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം മറ്റു സന്നദ്ധ സേവാ സംഘടനകളുടേയും സഹായത്തോടുകൂടി ജില്ലാ സർക്കാർ ആശുപത്രികളിലേയും മെഡിക്കൽ കോളേജിലേയും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. സബ്സെന്ററിന്റെ നവീകരണത്തിനായി 5 ലക്ഷം രൂപയുടെ നിർമ്മാണം നടപ്പിലാക്കുന്നതിനായി ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ വികസന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലേക്ക് വേണ്ടുന്ന തുക ജില്ലാ ഭരണകൂടമാണ് വഹിക്കുന്നത്.

(ഡി) ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ 1988 മുതൽ തന്നെ സർക്കാർ ഹോമിയോ ഡിസ്പെൻസറി നിലവിലുണ്ട്. പ്ലാൻ പദ്ധതി പ്രകാരം ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മിക്കുന്ന പദ്ധതി

108 [828] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മിക്കുന്ന പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ അത്തരം ആശുപത്രികൾ നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ജില്ലകളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾ എവിടംവരെയായി;

(ഡി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ മഞ്ചേരിയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയെ ഉൾപ്പെടുത്തുമോ?

### ഉത്തരം

(എ) കണ്ണൂരിലെ മങ്ങാട്ടുപറമ്പിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ടി ആശുപത്രിയുടെ നിർമ്മാണം പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ നാല് ജില്ലകളിൽ.

(സി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക വക കൊള്ളിക്കാത്തതിനാൽ ഈ വർഷം തന്നെ പണി തുടങ്ങുന്നതിന് തടസ്സമുണ്ട്.

(ഡി) ഇതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ ഈ ആശുപത്രി ഉൾപ്പെടുത്തിയിട്ടില്ല.

## മഞ്ചേരി വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രിയുടെ പണി

109 [829] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രി പണിയുന്നതിന് 2004-2005 വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതേ കാലത്ത് അനുമതി നൽകിയ പാലക്കാട്ടും കണ്ണൂരിലുമുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടങ്ങളുടെ പണി ഏതുവരെയായി;

(ഡി) മഞ്ചേരിയിലെ സാധാരണക്കാർക്ക് ഏകാശ്രയമായ പ്രസ്തുത ആശുപത്രിയുടെ പണി ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ, ബി) 2004-2005 വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ശീർഷകം 4210 ക്യാപ്പിറ്റലി (പ്ലാൻ)-ൽ തുക ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) (1) പാലക്കാട്ടുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം പണി പൂർത്തിയായി.

(2) കണ്ണൂരിലെ മങ്ങാട്ടുപറമ്പിൽ നിർമ്മിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ആകെ നാല് ബ്ലോക്കുകളാണ്. ഒന്നാം ബ്ലോക്കിൽ റൂഫ് സ്ലാബും തറയും പൂർത്തിയായി. രണ്ടാം ബ്ലോക്കിന്റെ മൂന്നാം നിലയുടെ സ്ലാബിന്റെ പണി പുരോഗമിക്കുന്നു.

(ഡി, ഇ) മലപ്പുറം ജില്ലാ ആശുപത്രിയുടെ വികസനം ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly